# സാമൂഹ്യശാസ്ത്രം II

## അധ്യായം 4




# ഭൂതലവിശകലനം ഭൂപടങ്ങളിലൂടെ

1. ഒരേ വലുപ്പത്തിലും ആകൃതിയിലുമുള്ള അനേകം ഷീറ്റുകളിലായി ലോകത്തിലെ മുഴുവൻ പ്രദേശങ്ങളുടെയും ധരാതലീയ ഭൂപടങ്ങൾ തയ്യാറാക്കിയിട്ടുണ്ട്. അവയുടെ സവിശേഷതകൾ എന്തെല്ലാം?

- ഭൂമധ്യരേഖ മുതൽ $60^0$ ഉത്തര-ദക്ഷിണ അക്ഷാംശങ്ങൾ - 1800 ഷീറ്റുകൾ
- $60^0$ മുതൽ $88^0$ ഉത്തര-ദക്ഷിണ അക്ഷാംശങ്ങൾ - 420 ഷീറ്റുകൾ
- $88^0$ മുതൽ $90^0$ വരെ (ധ്രുവപ്രേദേശങ്ങൾ) - 2 ഷീറ്റുകൾ
- ആകെ 2222 ഷീറ്റുകൾ

2. മില്യൻ ഷീറ്റുകൾ ഡിഗ്രി ഷീറ്റുകൾ എന്നിവ താരതമ്യം ചെയ്യുക?

| മില്യൻ ഷീറ്റുകൾ | ഡിഗ്രി ഷീറ്റുകൾ |
|---|---|
| ➢ $4^0$ അക്ഷാംശം $4^0$ രേഖാംശം വ്യാപ്തി<br>➢ 1: 10,00,000 എന്ന തോത്<br>➢ 1 മുതൽ 105 വരെ നമ്പറുകൾ<br>➢ ഓരോ ഷീറ്റിനെയും 16 ഭാഗങ്ങളായി തിരിച്ചിരിക്കുന്നു. | ➢ $1^0$ അക്ഷാംശം $1^0$ രേഖാംശം വ്യാപ്തി<br>➢ 1: 2,50,000 എന്ന തോത്<br>➢ A മുതൽ P വരെ നമ്പറുകൾ<br>➢ ഓരോ ഷീറ്റിനെയും 16 ഭാഗങ്ങളായി തിരിച്ചിരിക്കുന്നു. |

3. ധരാതലീയ ഭൂപടങ്ങളിൽ ഉപയോഗിക്കുന്നത് ആഗോളതലത്തിൽ അംഗീകരിച്ചിട്ടുള്ള നിറങ്ങളും ചിഹ്നങ്ങളുമാണ്. കാരണമെന്ത്?

ഓരോ രാജ്യക്കാരും തയ്യാറാക്കുന്ന ധരാതലീയ ഭുപടങ്ങൾ മറ്റു രാജ്യക്കാർക്കും എളുപ്പത്തിൽ മനസ്സിലാക്കാനും വിശകലനം ചെയ്യാനും സാധിക്കുന്നു.

SPJ MTDMHSS THONDE

4. ഈസ്റ്റിങ്സ് നോർത്തിങ്സ് എന്നിവ താരതമ്യം ചെയ്യുക?

**ഈസ്റ്റിങ്സ്**

- വടക്ക്-തെക്ക് ദിശയിൽ വരച്ചിട്ടുള്ള രേഖകളാണിത്.
- ഇവയുടെ മൂല്യം കിഴക്കുദിശയിലേക്ക് പോകുന്തോറും കൂടിവരുന്നു.
- ഭൂപടത്തിലെ സവിശേഷതകൾക്ക് തൊട്ട് ഇടതു വശത്തായി കാണപ്പെടുന്ന ഈസ്റ്റിങ്സിന്റെ മൂല്യമാണ് സ്ഥാനനിർണയത്തിന് പരിഗണിക്കുക.




**നോർത്തിങ്സ്**

- കിഴക്ക് പടിഞ്ഞാറ് ദിശയിൽ വരച്ചിട്ടുള്ള വരകളാണിത്.
- ഇവയുടെ മൂല്യം വടക്കുദിശയിലേക്കു പോകും തോറും കൂടിവരുന്നു.
- ഭൂപടത്തിലെ സവിശേഷതകൾക്ക് തൊട്ടു തെക്കായി കാണപ്പെടുന്ന നോർത്തിങ്സിന്റെ മൂല്യമാണ് സ്ഥാന നിർണയത്തിന് പരിഗണിക്കുക.




5. റഫറൻസ് ഗ്രിഡ് എന്നാലെന്ത്?

ഈസ്റ്റിങ്സ് - നോർത്തിങ്സ് രേഖകൾ ചേർന്നുണ്ടാകുന്ന ജാലികകളെ റഫറൻസ് ഗ്രിഡ് എന്നു പറയുന്നു.

## തുടർപ്രവർത്തനങ്ങൾ

1. ധരാതലീയ ഭൂപടങ്ങളിൽ ഉപയോഗിക്കുന്ന അടയാളങ്ങളും ചിഹ്നങ്ങളും കണ്ടെത്തി പട്ടിക തയ്യാറാക്കുക.

2. നാലക്ക ഗ്രിഡ് റഫറൻസ്, ആറക്ക ഗ്രിഡ് റഫറൻസ് എന്നിവ കണ്ടെത്തുന്നതെങ്ങനെയെന്ന് കുറിപ്പ് തയ്യാറാക്കുക?

Prepared by
SHIBU P J
MTDMHSS THONDERNAD
WAYANAD
9747585905

SPJ MTDMHSS THONDERNAD